# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5404 23.05.17 ൽ മറുപടിയ്ക്ക്

**<u>സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന അന്തർ സംസ്ഥാന ബസ്സുകൾ</u>**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന അന്തർ സംസ്ഥാന ബസ്സുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര; | (എ) | തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നതിനായി കെ.എസ്.ആർ.ടി.സി.ക്ക് 469 ബസ്സുകൾ നിലവിൽ ഉണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര മോട്ടോർവാഹന നിയമം 88(8),(9) എന്നിവ പ്രകാരം പെർമിറ്റ് എടുത്ത് കേരളത്തിൽ സർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ എണ്ണം ശേഖരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സർവ്വീസ് നടത്തുന്നതിന് ഏത് തരത്തിലുള്ള പെർമിറ്റാണ് നൽകിയിട്ടുള്ളത്; | (ബി)<br>&<br>(സി) | ഒരു കരാർ വ്യവസ്ഥയിൽ അനുശാസിക്കുന്ന പ്രകാരം മാത്രം സർവ്വീസ് നടത്താൻ അനുമതിയുള്ളവയാണ് കരാർ വാഹനങ്ങൾ. എന്നാൽ അവ കരാർ വ്യവസ്ഥകളല്ലാതെ സമാന്തര സ്റ്റേജ് കാര്യേജ് സർവ്വീസ് നടത്തുന്നുവെന്നതാണ് പലപ്പോഴും ഉണ്ടാകാറുള്ള പരാതി.<br>കരാറിൽ ഉൾപ്പെടാത്ത യാത്രക്കാരെ കയറ്റുകയോ ഇറക്കുകയോ ചെയ്യാൻ പാടില്ല എന്നും വ്യക്തികളിൽ നിന്നും ഒറ്റയ്ക്കൊറ്റയ്ക്കായി ചാർജ്ജ് ഈടാക്കരുതെന്നുമാണ് നിയമത്തിലെ പ്രധാന വ്യവസ്ഥ. ഇത്തരം വാഹനങ്ങൾ മേൽ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും തെളിവുകൾ ശേഖരിക്കുകയും ചെയ്യുക എന്നുള്ളത് പലപ്പോഴും നടപ്പാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള കാര്യമാണ്. സംസ്ഥാനത്ത് അനധികൃത സർവ്വീസ് നടത്തുന്ന സമാന്തര വാഹനങ്ങൾക്കെതിരെ കർശന |
| (സി) | കോൺട്രാക്ട് കാരിയേജ് പെർമിറ്റ് ഉള്ള അന്തർ സംസ്ഥാന ബസ്സുകൾ പെർമിറ്റ് നിബന്ധന ലംഘിച്ച് സർവ്വീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | | |

| | | | |
|---|---|---|---|
| | | | നടപടികൾ മോട്ടോർവാഹനവകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി എ.എം.വി.ഐ. മാരുടെ സേവനം കെ.എസ്.ആർ.ടി.സി രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. 14.02.2017-ന് രാത്രിയിൽ തിരുവനന്തപുരം സിറ്റിയിൽ നിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, ചെന്നൈ,വയനാട് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് അനധികൃത സർവ്വീസ് നടത്തിയ വാഹനങ്ങൾക്കെതിരെ നടപടി എടുക്കുകയും 41,200/- രൂപ പിഴയായി ഈടാക്കുകയും 98,700/- രൂപ ടാക്സ് ഇനത്തിൽ പിരിച്ചെടുക്കുകയും ചെയ്തു. |
| (ഡി) | നിബന്ധനകൾ ലംഘിച്ച് സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന അന്തർ സംസ്ഥാന ബസ്സുകൾ കെ.എസ്.ആർ.ടി.സി-യ്ക്ക് ലഭിക്കേണ്ട വരുമാനം നഷ്ടമാക്കുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇതിനെതിരെ കർശന നടപടി സ്വീകരിക്കുമോ? | (ഡി) | ഉണ്ട്. ഇത്തരം അനധികൃത സർവ്വീസുകൾക്കെതിരെ മോട്ടോർവാഹന വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**